"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതിവകുപ്പ് -എക്സൈസ് -ഭരണപരം-എക്സൈസ് അക്കാദമിയിൽ അടിസ്ഥാന പരിശീലനം പൂർത്തിയാക്കിയ സിവിൽ എക്സൈസ് ഓഫീസർ ട്രെയിനിമാരുടെ പാസ്സിംഗ് ഔട്ട് പരേഡ് ചടങ്ങിന്റെ നടത്തിപ്പിനായി തുക ചെലവഴിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.467/2026/TAXES തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:- 1. എക്സൈസ് കമ്മീഷണറുടെ 01.06.2026 ലെ ഇ.എക്സ്.സി/2841/2026-എക്സ്.എം3 നമ്പർ കത്ത്.

2. ജി.ഒ (പി) നം. 102/2017/ഫിൻ തീയതി 07/08/2017.

**ഉത്തരവ്**

തൃശൂർ എക്സൈസ് അക്കാദമിയിൽ അടിസ്ഥാന പരിശീലനം പൂർത്തിയാക്കിയ 66 സിവിൽ എക്സൈസ് ഓഫീസർ ട്രെയിനിമാരുടെ പാസ്സിംഗ് ഔട്ട് പരേഡ് ചടങ്ങ് 05.06.2026-ന് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ചടങ്ങിന്റെ സുഗമമായ നടത്തിപ്പിനായി പ്രതീക്ഷിക്കുന്ന ആകെ ചെലവായ ₹1,22,500/- (ഒരു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) മുൻകൂറായി അനുവദിക്കണമെന്ന് പരാമർശം പ്രകാരം എക്സൈസ് കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണവകുപ്പിന് ലഭ്യമായിട്ടുള്ള സാമ്പത്തിക അധികാരപരിധിക്ക് വിധേയമായി, തൃശൂർ എക്സൈസ് അക്കാദമിയിൽ അടിസ്ഥാന പരിശീലനം പൂർത്തിയാക്കുന്ന 66 സിവിൽ എക്സൈസ്

ഓഫീസർ ട്രെയിനിമാരുടെ പാസ്സിംഗ് ഔട്ട് പരേഡ് **05.06.2026**-ന് നടത്തുന്നതിലേക്ക് പ്രതീക്ഷിക്കുന്ന ആകെ ചെലവായ **₹1,22,500/- (ഒരു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം)** നടപ്പുസാമ്പത്തിക വർഷത്തെ **'2039-00-001-99-00-34-3 (NV)'** എന്ന ശീർഷകത്തിൽ നിന്നും, സ്റ്റോർ പർച്ചേസ് മാന്വൽ ചട്ടങ്ങളും നിലവിലുള്ള മറ്റ് ബാധകമായ ധനകാര്യ നടപടിക്രമങ്ങളും പൂർണ്ണമായും പാലിച്ചുകൊണ്ട് മാത്രം വിനിയോഗിക്കേണ്ടതാണ് എന്ന കർശനമായ ഉപാധിയോടെ, മുൻകൂറായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ), കേരളം ,
തിരുവനന്തപുരം.

3.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

4.കരുതൽ ഫയൽ /ഓഫീസ് കോപ്പി(F3/181/2026/TAXES)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 03-06-2026 15:23:44